# നോ സ്മോക്കിംഗ് പ്ലീസ് : ഒരു വ്യത്യസ്ത ദൃശ്യം

............ ഈ ചിത്രം പുകവലിക്കെതിരെയല്ല; പുകവലിക്കാർക്കെതിരെയുമല്ല. പുകവലി നിരോധിച്ചുകൊണ്ടുള്ള കോടതി വിധിയെപ്പറ്റിയുള്ള കുറേ പ്രതികരണങ്ങളാണിതിൽ. പുകവലിക്കാർക്കുണ്ടാകുന്ന ദൂഷ്യങ്ങൾ അവർ സ്വയം വരുത്തിവെയ്ക്കുന്നതാണ്. അവരതനുഭവിച്ചോട്ടെ. പക്ഷേ, ഒരാൾ പുകവലിക്കുമ്പോൾ സമീപത്തുള്ള മറ്റുള്ളവർക്ക് മാരക മാലിന്യം വലിച്ചു കേറ്റേണ്ടി വരുന്നു. 'പാസീവ് സ്മോക്കേഴ്സി'നാണീ ചിത്രം സമർപ്പിച്ചിട്ടുള്ളത്. ജെയിംസ് വിശദീകരിക്കുന്നു. കോട്ടയം സി.എം.എസ്. കോളേജിലെ ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥി ജയിംസും കൂട്ടാളികളും നിർമ്മിച്ച 'നോ സ്മോക്കിംങ്ങ് പ്ലീസ്' എന്ന വീഡിയോ ചിത്രം റാന്നിയിലെ സമകാലിക സംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രദർശിപ്പിക്കുന്നതിന് തൊട്ടുമുമ്പായിരുന്നു അദ്ദേഹം സംസാരിച്ചത്. കുറുവിലങ്ങാട് എന്ന ഗ്രാമത്തിലൂടെ തലങ്ങും വിലങ്ങും ക്യാമറയുമായലഞ്ഞ ജെയിംസും കൂട്ടുകാരും പുകവലി നിരോധനത്തെപ്പറ്റി ഒട്ടേറെ നിരീക്ഷണങ്ങൾ ഒപ്പിയെടുത്തിരിക്കുന്നു. പട്ടണവാസികൾ ചറുപിറാ സംസാസാരിക്കും. പക്ഷേ കഴമ്പുണ്ടാവില്ല. ഗ്രാമീണർ 'നേരേ വാ നേരേ പോ' എന്ന മട്ടിൽ വിഷയം സ്പർശിച്ചു സംസാരിക്കും. അതുകൊണ്ടാണ് പട്ടണത്തിൽ മൈക്രോഫോണുമായി 'ചെത്താ'നുള്ള പ്രലോഭനത്തെ അടക്കാൻ ഇവർ തുനിഞ്ഞത്.

സ്ത്രീകൾ വിട്ടുവീഴ്ചയില്ലാതെ നിരോധനത്തെ പിൻതാങ്ങുന്നു. സിഗരറ്റും വലിച്ച് പുകപരത്തി സിനിമാ സ്റ്റൈലിൽ ഷൈൻ ചെയ്യുന്ന സഹപാഠികളോട് ഞങ്ങൾക്ക് പുച്ഛമാണ് തോന്നുന്നത് എന്ന് ക്യാമറയെ നോക്കി ചിരിച്ചുമൊഴിയുന്ന മിടുക്കിക്കുട്ടികളുടെ ഷോട്ടിനുശേഷം, ചീട്ടിലെ കോമാളികളെ അവതരിപ്പിച്ചുള്ള പോലുള്ള പൊടിക്കൈകൾ, ഒരു ഡോക്യുമെന്ററിയിൽ സാധാരണ ഉണ്ടാവാറുള്ള വിരസതയ്ക്ക് ശമനം നൽകുന്നുണ്ട്. തൊഴിലില്ലായ്മയുടെ ഭീകരതയെപ്പറ്റി വാചാലാകുന്നവർ, സിഗരറ്റു കച്ചവടക്കാരെന്ന സത്യം, പശ്ചാത്തലത്തിലെത്തിലെ സിഗരറ്റു പരസ്യങ്ങൾ തൂങ്ങുന്ന കടകൾ, വിളിച്ചു പറയുന്നു.

ഈ ലഘു ചിത്രം ഒരു കോളേജ് വിദ്യാർത്ഥിയുടെ കന്നി സംരംഭമെന്ന നിലയിൽ അനുമോദനമർഹിക്കുന്നു.

നിശിതൻ